# കേരള സർവകലാശാല

നം. പി.ആർ.092/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എഡ് മൂല്യനിർണ്ണയ ക്യാമ്പ്: അദ്ധ്യാപകർ ഹാജരാകണം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എഡ് പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകൾ തിരുവനന്തപുരം തൈക്കാട് ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, കൊല്ലം കെ.യു.സി.ടി.ഇ, പന്തളം ഡി.ഒ.ഐ.സി എന്നീ കേന്ദ്രങ്ങളിൽ വച്ച് ഏപ്രിൽ 29-ന് ആരംഭിക്കും. മൂല്യനിർണ്ണയത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ള എല്ലാ അദ്ധ്യാപകരും നിർബന്ധമായും അതത് ക്യാമ്പുകളിൽ ഹാജരാകണം.

### ബി.കോം പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല മെയ് രണ്ടിന് ആരംഭിക്കുന്ന രണ്ടാം വർഷ ബി.കോം ആന്വൽ സ്കീം പാർട്ട് മൂന്ന് പരീക്ഷയ്ക്ക് മാർ ഇവാനിയോസ് കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവരും സംസ്കൃത കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം.3031502067 മുതൽ 3031502255 വരെയുള്ളവരും പെരിങ്ങമല ഇക്ബാൽ കോളേജിലും തുമ്പ സെന്റ് സേവിയസ് കോളേജ് ആവശ്യപ്പെട്ട പെൺകുട്ടികൾ ഓൾ സെന്റ്സ് കോളേജിലും ചെമ്പഴന്തി എസ്.എൻ കോളേജ് ആവശ്യപ്പെട്ടവർ എം.ജി കോളേജിലും സംസ്കൃത കോളേജും നെടുമങ്ങാട് ഗവ. കോളേജും ആവശ്യപ്പെട്ട പെൺകുട്ടികൾ നീറമൺകര എൻ.എസ്.എസ് കോളേജ് ഫോർ വിമണിലും എഫ്.എം.എൻ കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം.3031531344 മുതൽ 3031531500 വരെയുള്ളവർ പേരയം എൻ.എസ്.എസ് ആർട്സ് ആന്റ് സയൻസ് കോളേജിലും കൊല്ലം എസ്.എൻ കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം. 3031529001 മുതൽ 3031529329 വരെയുള്ളവരും കൊട്ടിയം എം.എം.എൻ.എസ്.എസ് കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം. 3031528001 മുതൽ 3031528238 വരെയുള്ളവരും ശാസ്താംകോട്ട ഡി.ബി കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം. 3031534001 മുതൽ 3031534238 വരെയുള്ളവരും കരുനാഗപ്പള്ളി ശ്രീവിദ്യാധിരാജ ആർട്സ് ആന്റ് സയൻസ് കോളേജിലും എസ്.ഡി കോളേജ് ആവശ്യപ്പെട്ട പെൺകുട്ടികളിൽ രജിസ്റ്റർ നം. 3031546221 മുതൽ 3031546499 വരെയുള്ളവർ ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജിലും ചേർത്തല എസ്.എൻ കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം. 3031548347 മുതൽ 3031548500 വരെയുള്ളവർ ചേർത്തല എൻ.എസ്.എസ് കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. മൂന്നാം വർഷ പരീക്ഷ എഴുതിയവർ അതത് പരീക്ഷാകേന്ദ്രങ്ങളിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്. രണ്ടാം വർഷ വിദ്യാർത്ഥികൾ (www.de.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ നിന്നും പരീക്ഷ തുടങ്ങുന്നതിന് മുമ്പായി ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യണം. പരീക്ഷ ആരംഭിച്ചതിന് ശേഷം ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധ്യമല്ല.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## ബി.ആർക് ഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ആർക് (2013 സ്കീം) റെഗുലർ & സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എച്ച്.എ /പി.ജി.ഡി.എച്ച്.എച്ച്.എ ഹാൾടിക്കറ്റ്

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം മെയ് രണ്ട് മുതൽ നടത്തുന്ന ഒന്നാം വർഷ എം.എച്ച്.എ /പി.ജി.ഡി.എച്ച്.എച്ച്.എ സപ്ലിമെന്ററി പരീക്ഷയുടെ ഹാൾടിക്കറ്റുകൾ എസ്.ഡി.ഇ പാളയം സെന്ററിൽ നിന്നും കൈപറ്റണം. പ്രസ്തുത പരീക്ഷയുടെ തിയറി പേപ്പറുകൾ (മെയ് രണ്ട് മുതൽ അഞ്ച് വരെ) എസ്.ഡി.ഇ പാളയം സെന്ററിൽ എഴുതേണ്ടതും പ്രാക്ടിക്കൽ (മെയ് ആറ്) പരീക്ഷ തിരുവനന്തപുരം മെഡിക്കൽ കോളേജ് സി.ഡി.സി. യിൽ വച്ചും നടക്കും.

## എം.പി.ഇ തീസിസ് സമർപ്പിക്കണം

കേരള സർവകലാശാലയുടെ ഏപ്രിലിൽ നടന്നു കൊണ്ടിരിക്കുന്ന എം.പി.ഇ അവസാന വർഷ പരീക്ഷയുടെ തീസിസ് സമർപ്പിക്കാനുള്ള അവസാന തീയതി ഏപ്രിൽ 29.

## പ്രൊജക്ട് മൂല്യനിർണ്ണയവും വാചാപരീക്ഷയും

കേരള സർവകലാശാല ഏപ്രിലിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.എ ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ & വീഡിയോ പ്രൊഡക്ഷൻ പ്രൊജക്ട് മൂല്യനിർണ്ണയവും വാചാപരീക്ഷയും മെയ് 15-ന് തോന്നയ്ക്കൽ എ.ജെ കോളേജിൽ വച്ചും മെയ് 17-ന് കൊല്ലം എസ്.എൻ കോളേജിൽ വച്ചും നടക്കും. പാങ്ങോട് ഡോ.പൽപ്പു കോളേജിലെ വിദ്യാർത്ഥികൾ തോന്നയ്ക്കൽ എ.ജെ കോളേജിലും ആലപ്പുഴ എസ്ഡി.വി കോളേജിലെ വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ കോളേജിലും പരീക്ഷക്കായി ഹാജരാകണം. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

കേരള സർവകലാശാല ഏപ്രിലിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.എ മലയാളം & മാസ് കമ്മ്യൂണിക്കേഷൻ പരീക്ഷയുടെ പ്രൊജക്ട് മൂല്യ നിർണ്ണയവും വാചാപരീക്ഷയും മെയ് 10-ന് തുമ്പ സെന്റ് സേവ്യേഴ്സിൽ വച്ചും മെയ് 12-ന് നെല്ലിക്കാട് മദർ തെരേസ കോളേജിൽ വച്ചും നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പരീക്ഷ മാറ്റിയ തീയതി

കേരള സർവകലാശാല ഏപ്രിൽ 24-ന് നടത്താനിരുന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ഇൻ ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, കൊമേഴ്സ് & ടൂറിസം & ട്രാവൽ മാനേജ്മെന്റ്, ബി.കോം ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ്, കൊമേഴ്സ് ടാക്സ് പ്രൊസീജ്യർ ആന്റ് പ്രാക്ടീസ് (2013, 2014 റെഗുലർ & സപ്ലിമെന്ററി) എന്നീ കോഴ്സുകളുടെ മാനേജ്മെന്റ് അക്കൗണ്ടിംഗ് എന്ന പരീക്ഷ മെയ് മൂന്നിലേക്ക് മാറ്റി. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

തിരുവനന്തപുരം.
27.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**